ഇളംപള്ളി കവലയിൽ കലുങ്ക് പുതുക്കി പണിയുവാൻ നടപടി

142 (751) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ പുത്തൻ പുര 17-ാം മൈലിൽ ഉള്ള റോഡിലെ ഇളംപള്ളി കവലയ്ക്ക് സമീപം കലുങ്ക് ഇടിഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയും വേഗം കലുങ്ക് പുതുക്കി പണിയുവാനും സൈഡ് കെട്ടി ബലപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കലുങ്ക് പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

കോട്ടയം ജില്ലയിലെ ബൈപ്പാസ് റോഡുകളുടെ പണി

143 (754) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ കോട്ടയം ബൈപ്പാസ്, ചങ്ങനാശ്ശേരി ബൈപ്പാസ്, ചങ്ങനാശ്ശേരി കോട്ടയം ബൈപ്പാസ് എന്നീ ബൈപ്പാസ് റോഡുകളുടെ പണി ഏതേതു ഘട്ടങ്ങളിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ ബൈപ്പാസിനും ഇതിനോടകം എത്ര രൂപ ചെലവഴിച്ചുവെന്നും ഇപ്പോൾ എത്ര രൂപയുടെ വർക്കുകൾ ടെണ്ടർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ഓരോ ബൈപ്പാസിന്റെയും അവശേഷിക്കുന്ന പണികൾ എപ്പോൾ ആരംഭിക്കുമെന്നും എപ്പോൾ പൂർത്തികരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ;

(ഡി) ഇതിനു വേണ്ടി സ്ഥലം അക്വയർ ചെയ്യുവാനുള്ള നടപടികളെക്കുറിച്ചു വ്യക്തമാക്കാമോ ;

(ഇ) എം.സി. റോഡിലെ കോട്ടയം, ചങ്ങനാശ്ശേരി നഗരങ്ങളിലെ ഗതാഗതത്തിരക്ക് കുറയ്ക്കുവാൻ വലിയ സാദ്ധ്യതകളുള്ള ഈ 3 ബൈപ്പാസുകളുടേയും പണി എത്രയും വേഗം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ചങ്ങനാശ്ശേരി - കോട്ടയം ബൈപ്പാസ് എം.സി. റോഡിൽ നിന്നും തൃക്കൊടിത്താനം, തെങ്ങണ, ഞാലിയാകുഴി, ഇരവിനെല്ലൂർ, അങ്ങാടി, പുതുപ്പള്ളി കവലവഴി മണർകാട് കവലയിൽ കെ. കെ റോഡിൽ ചെന്നു ചേരുന്ന ആദ്യപ്ലാൻ തന്നെ അല്ലേ ഇപ്പോഴും നിലവിൽ ഉള്ളത് ;

(ജി) ഇതിന് മാറ്റം ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly